# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2523      14.02.2013 ൽ മറുപടിക്ക്

**അക്ഷയ വിദ്യാലയം പ്രചാരണ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ബെന്നി ബെഹനാൻ<br>,, വർക്കല കഹാർ<br>,, സി. പി. മുഹമ്മദ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അക്ഷയ വിദ്യാലയം പ്രചാരണ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ 40 ലക്ഷത്തോളം സ്കൂൾ വിദ്യാർത്ഥികൾക്കും അവരിലൂടെ 2 കോടി ജനങ്ങളിലേക്കും ഘട്ടംഘട്ടമായി ക്ഷയരോഗ നിയന്ത്രണ ത്തിന്റെ ആവശ്യകതയെക്കുറിച്ചും പുകയിലയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും സമഗ്ര ബോധവത്ക്കരണം നടത്തുക എന്നതാണ് 2012 ജൂലൈ മാസത്തിൽ ആരംഭിച്ച അക്ഷയ വിദ്യാലയം പരിപാടിയുടെ ലക്ഷ്യം. പരിപാടിയുടെ ഭാഗമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശ്വാസ കോശരോഗങ്ങൾ, ക്ഷയരോഗനിയന്ത്രണത്തിന്റെ ആവശ്യകത, പുകയിലയുടെ ദൂഷ്യവശങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണവും അക്ഷയ വിദ്യാലയം പ്രചാരണ പരിപാടിയിൽ പരിശീലനവും നൽകി. അദ്ധ്യാപകരും, ആരോഗ്യപ്രവർത്തകരും ചേർന്നാണ് വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ ബോധവൽക്കരണം നൽകിയത്. കുടുംബാംഗങ്ങൾക്ക് അറിവു പകരാനായി അക്ഷയഭവനം ചോദ്യാവലിയും ലഘുലേഖകളും വിതരണം ചെയ്തു. തുടർന്ന് സ്കൂൾ, ഉപജില്ലാ, സംസ്ഥാന തലങ്ങളിൽ ക്വിസ്സ്, പോസ്റ്റർ രചനാ മൽസരങ്ങൾ സംഘടിപ്പിച്ചു. സെക്കന്ററി, ഹയർസെക്കന്ററി വിഭാഗങ്ങൾക്ക് സംയുക്തമായി മൽസരങ്ങൾ നടത്തി അതിൽ ഒന്നാമതെത്തിയ ക്വിസ് മൽസരജേതാവിനെ സ്റ്റുഡന്റ് റോബർട്ട് കോക്ക് ആയും പോസ്റ്റർ മൽസര ജേതാവിനെ സ്റ്റുഡന്റ് പോൾ ഏർളിക്കായും തെരഞ്ഞെടുത്തു. ഇവരെ 2013-14 അദ്ധ്യയന വർഷത്തെ അക്ഷയ വിദ്യാലയം പ്രചാരണപരിപാടിയുടെ അംബാസിഡർമാരായി പ്രഖ്യാപിച്ചു. |
| (ബി) ഈ പദ്ധതിയുടെ മുദ്രാവാക്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) എന്റെ സ്കൂൾ അക്ഷയവിദ്യാലയം, എന്റെ വീട് അക്ഷയഭവനം, എന്റെ നാട് അക്ഷയഗ്രാമം എന്നതാണ് ഈ പരിപാടിയുടെ മുദ്രാവാക്യം. |

| | | | |
|---|---|---|---|
| (സി) | ജനങ്ങളിൽ ക്ഷയരോഗ ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | ബോധവത്ക്കരണ ക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനം, ചുമരെഴുത്ത്, എക്സിബിഷൻ / വിവിധ മേളകളിൽ കൂടി പ്രദർശനങ്ങൾ, ലോക ക്ഷയരോഗദിനാചരണം, ക്ഷയരോഗവിരുദ്ധവാരാചരണം, പത്ര, മാസികകൾ ശ്രവ്യ-ദൃശ്യമാധ്യമങ്ങൾ വഴി വാർത്തകൾ, അഭിമുഖങ്ങൾ എന്നിവയാണ് പൊതുജനങ്ങൾക്ക് ക്ഷയരോഗ ബോധവത്ക്കരണ ത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | കേന്ദ്ര ക്ഷയരോഗ വിഭാഗം എന്തെല്ലാം സഹായങ്ങളാണ് ഇതിന് വേണ്ടി നൽകുന്നത് ; വിശദമാക്കുമോ ? | (ഡി) | കേന്ദ്ര ക്ഷയരോഗവിഭാഗം ബോധവത്ക്കരണ പ്രവർത്തന ങ്ങൾക്കായി എല്ലാ വർഷവും ഒരു നിശ്ചിത തുക ധനസഹായം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ